ശുചിത്വ മിഷൻ

ഹരിത കേരളംമിഷന്റെ ശുചിത്വമാലിന്യസംസ്കരണ ഉപമിഷൻ

19.04.2017 ലെ സ.ഉ.(പി) നം.10/2017/ആ.സ.വ പ്രകാരം നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങളും നേട്ടങ്ങളും

ക്രമ നം.	ലക്ഷ്യങ്ങൾ	ഓരോ ലക്ഷ്യത്തിലും ഇതുവരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്	കൈവരിച്ച നേട്ടങ്ങൾ (ശത മാന കണക്ക് ഉൾപ്പെടെ)	ഇനി നേടേണ്ടതായ ലക്ഷ്യങ്ങൾ	നിശ്ചയിച്ചിട്ടുള്ള സമയ ക്രമം
1.	പുതിയ നഗര ഖരമാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്വവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക	• ശാസ്ത്രീയ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ആകാശവാണിയിലൂടെയും എം.എഫ് സ്റ്റേഷനുകളിലൂടെയും കാമ്പയിൻ സംഘടിപ്പിച്ചു. • ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് എഫ്.എം.റേഡിയോ വഴിയും പ്രത്യേക കാമ്പയിൻ. • കെ.എസ്സ്.ആർ.ടി.സി. ബസ്സുകൾ വഴിയും സിനിമ തീയറ്ററുകൾ വഴിയും ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ പ്രചരിപ്പിക്കുകയുണ്ടായി. • എക്സിബിഷനുകളിലൂടെയും ഗൃഹ സന്ദർശനങ്ങളിലൂടെയുമുള്ള കാമ്പയിനുകൾ • ഓണക്കാലത്ത് ഗ്രീറ്റിംഗ്കാർഡ് തയ്യാറാക്കൽ മത്സരം, പോസ്റ്റർ മത്സരം,	• ആകാശവാണിയിലൂടെ 30 എപ്പിസോഡുകളും, എഫ്. എം. സ്റ്റേഷനുകളിലൂടെ 3 മാസം നീണ്ടു നില്ക്കുന്ന കാമ്പയിൻ സംസ്ഥാന മൊട്ടാകെ ചെയ്യുക യുണ്ടായി. • 3 മാസം കെ.എസ്സ്.ആർ.ടി.സി. ബസ്സുകൾ വഴിയും 438 സിനിമ തീയറ്ററുകൾ വഴിയും ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ • ബി.എസ്.എൻ.എൽ ഫോൺ വഴി 10 ലക്ഷം ഫോണുകളിലേക്ക് ശുചിത്വ സന്ദേശങ്ങൾ	• ശുചിത്വം-മാലിന്യ സംസ കരണ മേഖലയിലെ വിവിധങ്ങളായ ആശയങ്ങൾ മുൻനിർത്തി മാലിന്യം തരംതിരിക്കൽ, ജൈവമാലിന്യം കഴിയുന്നിടത്തോളം ഉറവിടത്തിൽതന്നെ സംസ്കരിക്കൽ, അജൈവമാലിന്യങ്ങൾ വീടുവീടാന്തിരം ശേഖരിക്കൽ, മാലിന്യത്തിന്റെ ഉത്പാദനം കുറയ്ക്കുക, പുന:രുപയോഗവും പുന:ചംക്രമണവും വർദ്ധിപ്പിക്കുക എന്ന 3R തത്വം പാലിച്ചുകൊണ്ട് വിവര-വിജ്ഞാന-വിനിമയ പ്രവർത്തനങ്ങൾ	മിഷൻ കാലയളവിൽ ഉടനീളം

ക്രമ നം.	ലക്ഷ്യങ്ങൾ	ഓരോ ലക്ഷ്യത്തിലും ഇതുവരെ ചെയ്തിട്ടുളള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്	കൈവരിച്ച നേട്ടങ്ങൾ (ശതമാന കണക്ക് ഉൾപ്പെടെ)	ഇനി നേടേണ്ടതായ ലക്ഷ്യങ്ങൾ	നിശ്ചയിച്ചിട്ടുളള സമയ ക്രമം
		സ്വച്ഛ് സർവ്വേഷൺ ഭാഗമായി പ്രാദേശിക കേബിൾ ടി.വി വഴിയും പരസ്യ ചിത്രങ്ങൾ വഴിയുമുളള പ്രചരണം, വാട്ട്സ്ആപ്പ്, ഫേസ്ബുക്ക്, ന്യൂസ് ലെറ്റർ തുടങ്ങിയവയിലൂടെയുളള പ്രചരണം എന്നിവയും സംഘടിപ്പിച്ചു. • ശാസ്ത്രീയ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വീഡിയോ ചിത്രങ്ങൾ നിർമ്മിച്ച് സാമൂഹ്യമാധ്യമങ്ങൾ വഴിയും ടിവി പരസ്യങ്ങളായും പ്രചരിപ്പിച്ചു. • ഇതു കൂടാതെ മാലിന്യ കൂമ്പാരങ്ങൾ നിർമ്മാർജനം ചെയ്യുന്നതിനും പൊതു സ്ഥാപനങ്ങളും, സ്ഥലങ്ങളും വൃത്തിയാക്കുന്നതിനും മറ്റുമായുളള പ്രാദേശിക കാമ്പയിനുകൾ, എൻ.എസ്.എസ് യൂണിറ്റുകൾ, യുവജന സംഘടനകൾ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു. • ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ട് 1828 എൻ.എസ്സ്.എസ്സ്	• 35 പ്രധാന എക്സിബിഷൻ • ‘‘മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം’’ കാമ്പയിൻ വഴി 50 ലക്ഷം ശുചിത്വ സന്ദേശം ഉൾപ്പെട്ട ലഘുരേഖകൾ വിതരണം ചെയ്തു. • ശാസ്ത്രീയ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 10 വീഡിയോ ചിത്രങ്ങൾ	സംഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക	

ക്രമ നം.	ലക്ഷ്യങ്ങൾ	ഓരോ ലക്ഷ്യത്തിലും ഇതുവരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്	കൈവരിച്ച നേട്ടങ്ങൾ (ശത മാന കണക്ക് ഉൾപ്പെടെ)	ഇനി നേടേണ്ടതായ ലക്ഷ്യങ്ങൾ	നിശ്ചയിച്ചിട്ടുള്ള സമയ ക്രമം
		യൂണിറ്റുകളിലൂടെ കോളേജ് ഹയർസെക്കന്ററി സ്കൂളുകൾ, ദത്തെടുത്ത വാർഡുകൾ എന്നിവിടങ്ങളിൽ ക്ളീൻ & ഗ്രീൻ ക്യാമ്പയിനുകൾ സൃഷ്ടിക്കാനായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു.			
2.	ഉത്തരവാദിത്വ മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിൽ ആകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക	• ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന മാലിന്യങ്ങൾ ഒഴിവാക്കുന്നതിനും, പുനരുപയോഗം വർദ്ധിപ്പിച്ച് മാലിന്യം കുറക്കുന്നതിനും, പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനും, മാലിന്യം തരംതിരിച്ച് പരമാവധി സ്രോതസ്സിൽ തന്നെ സംസ്കരിക്കുന്നതിനുൾപ്പെടെയുള്ള മനോഭാവം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രീൻ പ്രോട്ടോകോൾ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. പൊതു ചടങ്ങുകളിലും, പിന്നീട് വിവാഹം പോലെയുള്ള സ്വകാര്യ ചടങ്ങുകളിലും, വിവിധ ഉത്സവങ്ങളിലും മതപരമായ ആഘോഷങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് നടപ്പിലാക്കി. സെക്രട്ടേറിയറ്റ്, വിവിധ സർക്കാർ ഡയറക്ടറേറ്റുകൾ, അനു	• സംസ്ഥാന തലത്തിലുള്ള 22 വലിയ ചടങ്ങുകളും ജില്ലാ തലത്തിൽ 152 ഓളം വലിയ ചടങ്ങുകളും ഗ്രീൻപ്രോട്ടോകോൾ പാലനം ഉറപ്പാക്കി. • 399 സംസ്ഥാനതല ഓഫീസുകളിൽ 145 ഇടങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്നതിന് ആരംഭിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ 1224 ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് ആരംഭിച്ചിട്ടുണ്ട്.	• സംസ്ഥാനതലം മുതൽ തദ്ദേശ സ്വയം ഭരണതലം വരെയുള്ള സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പാക്കൽ • സംസ്ഥാന തലത്തിൽ 254 ഓഫീസുകളിലും പ്രാദേശിക തലത്തിലുള്ള ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനം ആരംഭിക്കൽ • ഗാർഹികതലങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ പ്രോത്സാഹിപ്പിക്കുക	മിഷൻ കാലയളവ് നവംബർ 1, 2018 മിഷൻ കാലയളവ്

ക്രമ നം.	ലക്ഷ്യങ്ങൾ	ഓരോ ലക്ഷ്യത്തിലും ഇതുവരെ ചെയ്തിട്ടുളള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്	കൈവരിച്ച നേട്ടങ്ങൾ (ശത മാന കണക്ക് ഉൾപ്പെടെ)	ഇനി നേടേണ്ടതായ ലക്ഷ്യങ്ങൾ	നിശ്ചയിച്ചിട്ടുളള സമയ ക്രമം
		ബന്ധ ഓഫീസുകൾ, കളക്ടറേറ്റുകൾ, മറ്റു സർക്കാർ ഓഫീസുകൾ എന്നിവിട ങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പി ലാക്കുന്നതിന് സർക്കാർ തീരുമാനം നടപ്പിലാക്കി വരുന്നു.			
3.	സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെ ത്തുന്നതിനും പരി ഹാരം സാധ്യമാക്കു ന്നതിനുമുളള സഹായം തദ്ദേശ സ്വയം ഭരണ സ്ഥാപ നങ്ങൾക്ക് ലഭ്യമാ ക്കുക	• മാലിന്യ സംസ്കരണവുമായി ബന്ധ പ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് സാങ്കേതിക സഹായവും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും നൽകു ന്നതിനായി ഹരിതസഹായ സ്ഥാപന ങ്ങളെ തെരഞ്ഞെടുത്തു. • തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളിലെ മാലിന്യ സംസ്കരണ പദ്ധതി കൾ നടപ്പിലാക്കുന്നതിന് സഹായിക്കാ നായി ശുചിത്വ മിഷൻ സേവനദാതാ ക്കളെ എംപാനൽ ചെയ്തിട്ടുണ്ട്. • ശുചിത്വ-മാലിന്യ സംസ്കരണ മേഖല യിൽ തദ്ദേശ സർക്കാരുകൾക്ക് സഹായം നൽകുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാതല ത്തിലും റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി പരിശീലിപ്പിച്ച് അവരുടെ സേവനം ലഭ്യമാക്കി വരുന്നു.	• 35 ഹരിതസഹായ സ്ഥാപന ങ്ങൾ • 2 അക്രഡിറ്റഡ് ഏജൻസി യുൾപ്പെടെ 115 സേവനദാ താക്കൾ	• സംസ്ഥാന എംപവേർഡ് കമ്മിറ്റി ഖരമാലിന്യ സംസ്കരണത്തിന് വേണ്ടി അനുമതി നൽകിയ 74 ഡി.പി.ആറു കളെ ആധാരമാക്കിയു ളള ഖരമാലിന്യ സംസ്ക രണ പദ്ധതികളുടെ നിർവഹണം. (ബഹു. ഹൈക്കോടതി തീരുമാന ത്തിനുവിധേയമായി) • ഖരമാലിന്യ സംസ്കരണ ത്തിനായി ഒരു സമഗ്ര സംസ്ഥാന നയം രൂപീക രിക്കൽ (കരട് തയ്യാറായി) • കോർപ്പറേഷൻ, മുനിസി പ്പാലിറ്റികളിൽ കേന്ദ്ര	മിഷൻ കാലയളവ്

ക്രമ നം.	ലക്ഷ്യങ്ങൾ	ഓരോ ലക്ഷ്യത്തിലും ഇതുവരെ ചെയ്തിട്ടുളള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്	കൈവരിച്ച നേട്ടങ്ങൾ (ശത മാന കണക്ക് ഉൾപ്പെടെ)	ഇനി നേടേണ്ടതായ ലക്ഷ്യങ്ങൾ	നിശ്ചയിച്ചിട്ടുളള സമയ ക്രമം
		• അജൈവമാലിന്യ ശേഖരണത്തിനും പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുന്നതിനുമായി 2300 ഓളം പാഴ് വസ്തു വ്യാപാരികളെ രജിസ്ട്രേഷൻ നടത്തി അവരുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തുടക്കം കുറിച്ചു. • 93 നഗരസഭകളിലും സിറ്റിസാനിട്ടേഷൻ പ്ളാൻ തയ്യാറാക്കാൻ സഹായിച്ചു. • 3 പ്രധാന ആശുപത്രികളിൽ എസ്.റ്റി.പി സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കി. • 2 നഗരസഭകളിലെ മത്സ്യചന്തകളിൽ ഇ.റ്റി.പി സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കി. അതിൽ കാഞ്ഞങ്ങാട് നഗരസഭാ മത്സ്യമാർക്കറ്റിൽ ഇ.റ്റി.പി. പ്രവർത്തനം ആരംഭിച്ചു. • നെടുമങ്ങാട് നഗരസഭയിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കി. • 13 ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യ		സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള സെവൻ സ്റ്റാർ ഗ്രേഡിംഗ് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുളള മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രായോഗികമാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കുക. • 81 ഗ്രാമപഞ്ചായത്തുകളിലും 22 നഗരസഭകളിലും ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതുണ്ട്. രൂപീകരിച്ചവയിൽ 673 ഗ്രാമപഞ്ചായത്തുകളിലും 40 നഗരസഭകളിലും ഹരിതകർമ്മ സേനയുടെ പ്രവർത്തനം ആരംഭിക്കണം.	2018–19

ക്രമ നം.	ലക്ഷ്യങ്ങൾ	ഓരോ ലക്ഷ്യത്തിലും ഇതുവരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്	കൈവരിച്ച നേട്ടങ്ങൾ (ശതമാന കണക്ക് ഉൾപ്പെടെ)	ഇനി നേടേണ്ടതായ ലക്ഷ്യങ്ങൾ	നിശ്ചയിച്ചിട്ടുള്ള സമയ ക്രമം
		മാക്കി			
4.	ശാസ്ത്രീയമാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക	**ഹരിതകർമ്മസേന** : വീടുവീടാന്തരം ഉണ്ടാകുന്ന അജൈവമാലിന്യം ശേഖരിക്കുന്നതിന് 185 ഗ്രാമ പഞ്ചായത്തുകളിലും 31 നഗരസഭകളിലുമായി 216 ഇടങ്ങളിൽ ഹരിതകർമ്മ സേന പ്രവർത്തന മാരംഭിച്ചു. **മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)** : അജൈവമാലിന്യ ശേഖരണത്തിനും പുനരുപയോഗം/പുന:ചംക്രമണത്തിന് കൈമാറുന്നതിനുമായി സംസ്ഥാനമൊട്ടാകെ 227 എം.സി.എഫുകളുടെ പ്രവർത്തനം ആരംഭിച്ചു. **റിസോഴ്സ് റിക്കവറി സെന്റർ (ആർ.ആർ.എഫ്)** : അജൈവമാലിന്യങ്ങളുടെ രണ്ടാം തരംതിരിവിനും ഷ്രെഡിംഗ് ബെയിലിംഗിനുമായി 81 റിസോഴ്സ് റിക്കവറി സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചു. **പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്** : റിസോഴ്സ് റിക്കവറി സെന്ററിൽ ഉൾപ്പെട്ട ഷ്രെഡിംഗ് യൂണിറ്റുകൾക്ക് പുറമേ 97 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.	• 216 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചു. • 858 ഗ്രാമ പഞ്ചായത്തുകളിലും 71 നഗരസഭകളിലുമായി 929 ഹരിത കർമ്മസേന യൂണിറ്റുകൾ • ആകെ 28877 ഹരിതകർമ്മ സേന അംഗങ്ങൾ (ഒരു യൂണിറ്റിൽ ശരാശരി 31 അംഗങ്ങൾ) • 274 എം.സി.എഫുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 227 എണ്ണം പ്രവർത്തനം ആരംഭിച്ചു. • 91 ആർ.ആർ.എഫുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 81 എണ്ണം പ്രവർത്തനം ആരംഭിച്ചു. • 97 പ്ലാസ്റ്റിക് ഷ്രെഡിംഗ്	• ഒരു വാർഡിൽ കുറഞ്ഞത് ഒരു സംഭരണ സൗകര്യം എന്ന നിലക്ക് 19498 ചെറിയ എം.സി.എഫുകൾ • 152 ബ്ളോക്കുകളിലും 87 നഗരസഭകളിലും ഒന്നു വീതവും 6 കോർപ്പറേഷനുകളിൽ 4 വീതവും എന്ന രീതിയിൽ നിർമ്മിച്ച 91 എണ്ണത്തിന്റെ ബാക്കി 172 ആർ.ആർ.എഫുകൾ • ഹോട്ടലുകൾ, ഓഡിറ്റോറിയങ്ങൾ തുടങ്ങിയ വലിയ മാലിന്യ ഉത്പാദകർ എന്നിവർക്കായി ശുചിത്വം വൃത്തി എന്നിവയെ അടിസ്ഥാനമാക്കി സ്റ്റാർ റേറ്റിംഗ് • ഒരു ജില്ലയിൽ കുറ	2018–19 2018–19 2018–19

ക്രമ നം.	ലക്ഷ്യങ്ങൾ	ഓരോ ലക്ഷ്യത്തിലും ഇതുവരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്	കൈവരിച്ച നേട്ടങ്ങൾ (ശത മാന കണക്ക് ഉൾപ്പെടെ)	ഇനി നേടേണ്ടതായ ലക്ഷ്യങ്ങൾ	നിശ്ചയിച്ചിട്ടുള്ള സമയ ക്രമം
		ഇലക്ട്രോണിക് മാലിന്യം (ഇ- വേസ്റ്റ്) : സർക്കാർ ഓഫീസുകളിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്നതുമായ 1010 ടൺ ഇ-വേസ്റ്റ് ശേഖരിച്ച് ശാസ്ത്രീയ മായി സംസ്കരിക്കുന്നതിനായി അംഗീ കൃത ഏജൻസിക്ക് കൈമാറി. 2016 ലെ ഖരമാലിന്യ പരിപാലന നിയമത്തിന്റെ പിൻബലത്തിൽ 5000 ചതുരശ്ര മീറ്ററിലധികം വലിപ്പമുള്ള സ്ഥാപനങ്ങളിലും, ഫ്ളാറ്റുകളിലും, ഹൗസിംഗ് കോളനികളിലും ജൈവമാലിന്യം അവിടെ ത്തന്നെ സംസ്കരിക്കണമെന്നും അജൈവ മാലിന്യം പുന:ചംക്രമണം നടത്തുന്നതിന് കൈമാറണമെന്നുള്ള വ്യവസ്ഥ നടപ്പിലാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ സഹായിക്കൽ . • നിലവിൽ 21.29 ലക്ഷം വീടുകളിൽ മാലിന്യം തരംതിരിച്ച് ശേഖരിച്ച് വരുന്നു. • നിലവിൽ 30.19 ലക്ഷം വീടുകളിലും 29420 സ്ഥാപനങ്ങളിലും 2003 കമ്മ്യൂണിറ്റി തലങ്ങളിലും ഉറവിടത്തിൽ തന്നെ ജൈവമാലിന്യം കമ്പോസ്റ്റാ	യൂണിറ്റുകൾ സ്ഥാപിച്ചു - പ്രവർത്തനം നടന്നു വരുന്നു • 9708 ടൺ പൊടിച്ച പ്ളാസ്റ്റിക് ഉപയോഗപ്പെ ടുത്തി 246 കി.മീ. റോഡ് ടാർ ചെയ്തു. • 1010 ടൺ ഇ-വേസ്റ്റ് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് അംഗീകൃത ഏജൻസിക്ക് കൈമാറി.	ഞ്ഞത് ഒന്ന് എന്ന കണക്കിൽ പ്രധാന സർക്കാർ ആശുപത്രികളിൽ മലിന ജല സംസ്കരണ പ്ളാന്റ് സ്ഥാപിക്കൽ • 17 മുനിസിപ്പാലിറ്റികളിലെ 170 വാർഡുകൾ സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ടാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം പൂർത്തീകരിക്കൽ • കിഫ്ബിയുടെ സഹായത്തോടെ 13 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ആധുനിക പൊതു ശ്മശാനം സ്ഥാപിക്കൽ	2018-19 1.11.2018

ക്രമ നം.	ലക്ഷ്യങ്ങൾ	ഓരോ ലക്ഷ്യത്തിലും ഇതുവരെ ചെയ്തിട്ടുളള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്	കൈവരിച്ച നേട്ടങ്ങൾ (ശത മാന കണക്ക് ഉൾപ്പെടെ)	ഇനി നേടേണ്ടതായ ലക്ഷ്യങ്ങൾ	നിശ്ചയിച്ചി ട്ടുളള സമയ ക്രമം
		ക്കുന്ന സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഇവയിലൂടെ ദിവസേന 3537.69 ടൺ ജൈവ മാലിന്യം സംസ്കരിക്കപ്പെടുന്നു. കൂടാതെ 84531 വീടുകളിലും 1320 സ്ഥാപനങ്ങളിലും 98 കമ്മ്യൂണിറ്റിതലങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നു. • കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 1,39,851 ഗാർഹിക തല ബയോഗ്യാസ് പ്ലാന്റുകൾക്കും 275 സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകൾക്കും 31 കമ്മ്യൂണിറ്റി തല ബയോഗ്യാസ് പ്ലാന്റുകൾക്കും 3,14,205 ഗാർഹിക-സ്ഥാപനതല കമ്പോസ്റ്റിംഗ് പ്ലാന്റുകൾക്കും 1008 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് പ്ലാന്റുകൾക്കും സാങ്കേതിക അനുമതി നൽകുകയുണ്ടായി			